"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.ജിനോ വി എസ് പോൾ - ന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1377/2023/LSGD തീയതി,തിരുവനന്തപുരം, 05-07-2023

---

പരാമർശം:-

1. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 08.08.2019ലെ ഇ3-1124/2013 നമ്പർ നടപടിക്രമം
2. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 08.12.2022 തീയതിയിലെ ഡിഡിപി-റ്റിവി എം/1854/2022-ഇ3 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.06.2023 തീയതിയിലെ എൽഎസ്ജിഡി/പിഡി/36335/2023-ഡിഇസി3 നമ്പർ കത്ത്

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിൽ 30.06.2018 തീയതിയിൽ സേവനത്തിൽ പ്രവേശിച്ച തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.ജിനോ .വി.എസ്. പോൾ -ന്റെ സേവനം പരാമർശം (1) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ടെന്നും, ടിയാൾ എം ഒ പി പരീക്ഷ യഥാസമയം വിജയിക്കാത്തതിനാലും നിരീക്ഷണകാലയളവിൽ 88 ദിവസത്തെ അവധി എടുത്തിട്ടുള്ളതിനാലും ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (2) പ്രകാരം 29.06.2020 തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ടെന്നും 31.03.2022 ന് ടിയാൻ എം ഒ പി പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ 01.04.2022 തീയതിയിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിലേക്കായി 02.04.2022 തീയതി വരെ ടിയാളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനായി ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ പൂവാർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.ജിനോ വി എസ് പോൾ - ന്റെ പ്രൊബേഷൻ, ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ച 31.03.2022 ന്റെ തൊട്ടടുത്ത ദിവസമായ 01.04.2022 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ്, ടിയാന്റെ പ്രൊബേഷൻ കാലയളവ് KS&SSR Part-II, Rule 21 -ന് വിധേയമായി 29.06.2021 മുതൽ 02.04.2022 AN വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടിസെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരവനന്തപുരം
2.ഡെപ്യൂട്ടി ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി, പൂവാർ ഗ്രാമപഞ്ചായത്ത് , (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

5.എക്സിക്യൂട്ടീവ് ഡയറക്ടർ , ഐ കെ എം

6.കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.97/ഇപിഎ1/2023-എൽഎസ്ജിഡി)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 10-07-2023 17:11:04